## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3662** | **12-03-2025 - ൽ മറുപടിയ്ക്ക്**

## ഇന്ധനച്ചെലവ് കുറയ്ക്കാനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഇന്ധനച്ചെലവ് കുറയ്ക്കുന്നതിനായി കെ.എസ്.ആർ.ടി.സി. സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | നഷ്ടം വരുത്തുന്ന ഷെഡ്യൂളുകൾ സംബന്ധിച്ച് പഠനം നടത്തി യാത്രക്കാർ തീരെ ആശ്രയിക്കാത്ത ട്രിപ്പുകൾ ക്രമീകരിക്കുന്നതിലൂടെ ഇന്ധന ചെലവ് വളരെ വലിയ തോതിൽ കുറക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ യാത്രക്കാരില്ലാത്ത ഡെഡ് ട്രിപ്പുകൾ ഒഴിവാക്കിയതിലൂടെയും ദീർഘദൂര സർവ്വീസുകളിലെ അപ്രധാന ട്രിപ്പുകൾ ചുരുക്കി പുനഃക്രമീകരിച്ച് നടപ്പിലാക്കിയതിലൂടെയും ഇന്ധന ചെലവ് കുറക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>ഇത്തരത്തിൽ പുനഃക്രമീകരണം നടത്തുമ്പോൾ വിദ്യാർത്ഥി കൺസഷൻ, ഒറ്റപ്പെട്ട മറ്റു യാത്രാ സൗകര്യം ഇല്ലാത്ത റൂട്ടുകൾ, ആദിവാസി മേഖലകൾ, തീരദേശ മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ തുടങ്ങിയ മേഖലകളിലേയ്ക്കുള്ള സാമൂഹ്യ പ്രതിബദ്ധതയുള്ള സർവ്വീസുകളെയും ട്രിപ്പുകളെയും ബാധിക്കാതെ ജനോപാകരപ്രദമായി മാത്രമാണ് ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുള്ളത്.<br><br>ഇന്ധനക്ഷമത കൂടിയ എ.സി. ബസുകൾ, മിനി ബസുകൾ എന്നിവ ഡീസൽ ചെലവ് കൂടുതൽ ഉള്ള ബസുകൾക്ക് പകരം നൽകി ഡീസൽ ചെലവ് കുറക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുൻകാലത്ത് സിറ്റി സർക്കുലർ, സിറ്റി ഷട്ടിൽ എന്നീ സർവ്വീസുകൾക്ക് ഉപയോഗിച്ചിരുന്ന ലോ ഫ്ളോർ, നോൺ എ.സി. ബസുകൾക്ക് പകരമായി ഇലക്ട്രിക് ബസുകൾ വിന്യസിച്ചതിലൂടെ ഇന്ധന ചെലവ് കുറക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.<br><br>ഇന്ധനക്ഷമത വർധിപ്പിക്കുന്നതിനായി ഡ്രൈവർമാർക്ക് സ്റ്റാഫ് ട്രെയിനിങ് സെന്ററിൽ പരിശീലനം നൽകി വരുന്നു. ഇന്ധന ചെലവ് കുറച്ച് ഇന്ധനക്ഷമത വർധിപ്പിക്കുന്നതിനായി ഓരോ ഡിപ്പോയും കൈവരിക്കേണ്ട കെ.എം.പി.എൽ. |

ലക്ഷ്യം യൂണിറ്റുകൾക്ക് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. അതിനായി ഡ്രൈവർമാരുടെ Driver wise KMPL ദിവസേന പരിശോധിച്ച് അവലോകനം നടത്തി കെ.എം.പി.എൽ. കുറവുള്ള ഡ്രൈവർമാർക്ക് തിരുത്തൽ പരിശീലനം നൽകിവരുന്നു.

ഇത്തരത്തിൽ ഉയർന്ന ഇന്ധനക്ഷമത കൈവരിക്കുന്ന ഡ്രൈവർമാരെ അഭിനന്ദിക്കുന്നതിനോടൊപ്പം Class wise KMPL Target നേടുന്ന ഡ്രൈവർമാർക്ക് ഇൻസെന്റീവും നൽകി വരുന്നു.

ഡ്രൈവർമാർ തമ്മിലുള്ള ഇന്ധന ഉപഭോഗത്തിലെ താരതമ്യപഠനം നടത്തി ഇന്ധനം കൂടുതൽ ചെലവാക്കുന്ന ഡ്രൈവർമാരെ കൗൺസിലിംഗിന് വിധേയമാക്കുന്നുണ്ട്.

വാഹനങ്ങളുടെ തകരാറുകൾ യഥാസമയം പരിഹരിക്കുന്നതിനും മെയിന്റനൻസുകൾ കൃത്യമായി ചെയ്ത് KMPL വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകി നടപ്പിലാക്കി വരുന്നു. കെ.എസ്.ആർ.ടി.സി., കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസുകൾ ഓടിക്കുന്ന ഡ്രൈവർമാരുടെ Driver wise, class wise, Depot wise KMPL വിവരങ്ങൾ ദിവസേന ലഭ്യമാക്കുന്നതിനായി ഒരു software തയ്യാറാക്കി എല്ലാ ഡിപ്പോകൾക്കും നൽകുകയും പ്രസ്തുത software മുഖേന ലഭ്യമാക്കുന്ന വിവരങ്ങൾ വിലയിരുത്തി ഡിപ്പോ തലത്തിലും ചീഫ് ഓഫീസ് തലത്തിലും ഇന്ധനക്ഷമത വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2024-25 പദ്ധതി വിഹിതം ഉപയോഗിച്ച് കാലപഴക്കം ചെന്ന ബസുകൾക്ക് പകരം 117 എണ്ണം Fully Built Non AC Diesel BS VI മാനദണ്ഡപ്രകാരമുള്ള ബസുകളും 26 എണ്ണം Fully Built AC Diesel BS VI ബസുകളും വാങ്ങുന്നതിന് ഇ-ദർഘാസ് ക്ഷണിച്ച് വാഹന നിർമ്മാതാക്കൾക്ക് ഉത്തരവ് നൽകിയിട്ടുണ്ട്. ഇപ്രകാരം ഇന്ധന ചെലവിൽ കുറവ് വരുത്താൻ സാധിക്കും.

KSRTC-SWIFT-ൽ പുതുതായി നിയോഗിക്കുന്ന എല്ലാ ഡ്രൈവർ കം കണ്ടക്ടർ ജീവനക്കാർക്കും ട്രെയിനിംഗ് നൽകിയതിന് ശേഷമാണ് ഡ്യൂട്ടിക്ക് നിയോഗിക്കുന്നത്.

ഡ്രൈവർമാരുടെ KMPL നിരീക്ഷിക്കുന്നതിനായി ഒരു Software വികസിപ്പിച്ച് ഓരോ ഡ്രൈവറുടെയും ഇന്ധന ഉപഭോഗം നിരീക്ഷിച്ച് വരുന്നു.

| | | | |
|---|---|---|---|
| | | | ഇന്ധനചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ഡീസൽ ഉപഭോഗം കൂടിയ ഡ്രൈവർമാർ ആദ്യമെന്ന ക്രമത്തിൽ 2 ദിവസം വീതമുള്ള ഒരു Training Program സ്റ്റാഫ് ട്രെയിനിംഗ് സെന്റർ മുഖേന നൽകി വരുന്നു.<br><br>ഇതുവരെ 210 ഡ്രൈവർമാർക്ക് KMPL ട്രെയിനിങ് നൽകിയിട്ടുണ്ട്. ട്രെയിംഗിന് ശേഷവും ഡ്രൈവർമാരുടെ KMPL വിലയിരുത്തി വരുന്നു. |
| (ബി) | വാഹനങ്ങളിൽ ഇന്ധനക്ഷമത കൈവരിക്കുന്നതിനായി ഡ്രൈവർമാർക്ക് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഇന്ധനക്ഷമത വർധിപ്പിക്കുന്നതിനായി ഡ്രൈവർമാർക്ക് സ്റ്റാഫ് ട്രെയിനിങ് സെന്ററിൽ വച്ച് രണ്ട് ദിവസത്തെ പരിശീലന പരിപാടി നടന്നു വരുന്നു. ഡ്രൈവർമാരുടെ Driver wise KMPL ദിവസേന പരിശോധിച്ച് അവലോകനം നടത്തി കെ.എം.പി.എൽ. കുറവുള്ള ഡ്രൈവർമാർക്ക് KMPL മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ യൂണിറ്റ് തലത്തിൽ നൽകി വരുന്നു. ഇന്ധനക്ഷമത കൂടിയ ഡ്രൈവർമാരെ അഭിനന്ദിക്കുന്നതിനോടൊപ്പം Class wise KMPL Target നേടുന്ന ഡ്രൈവർമാർക്ക് ഇൻസെന്റീവും നൽകി വരുന്നു. ഡ്രൈവർമാർ തമ്മിലുള്ള ഇന്ധന ചെലവിലെ വ്യത്യാസം മനസ്സിലാക്കി ഇന്ധനം കൂടുതൽ ചെലവാക്കുന്ന ഡ്രൈവർമാരെ കൗൺസിലിംഗിന് വിധേയമാക്കുന്നുണ്ട്. ഇങ്ങനെ മെച്ചപ്പെടാത്ത ഡ്രൈവർമാർക്ക് KMPL മെച്ചപ്പെടുത്തുന്നതിനും അപകടരഹിത സുരക്ഷിത യാത്ര നൽകുന്നതിനുമായി തിരുത്തൽ പരിശീലനവും നൽകി വരുന്നു. |
| (സി) | ഇന്ധനച്ചെലവും മലിനീകരണതോതും കുറഞ്ഞ ഇലക്ട്രിക് ബസ്സുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് മുഖാന്തരം 163 നോൺ എ.സി. (9 മീറ്റർ) ഇലക്ട്രിക് ബസുകളും 2 ഡബിൾ ഡെക്കർ ബസുകൾ ഉൾപ്പടെ 165 ഇലക്ട്രിക് ബസുകൾ തിരുവനന്തപുരം നഗരത്തിലും പരിസര പ്രദേശങ്ങളിലുമായി കെ.എസ്.ആർ.ടി.സി. സർവീസ് നടത്തിവരുന്നു. |
| (ഡി) | ഡീസൽ ബസ്സുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇലക്ട്രിക് ബസ്സുകൾ സർവ്വീസ് നടത്തിയാൽ ലഭിക്കുന്ന സാമ്പത്തികലാഭം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ കിഫ്ബി ലോൺ മുഖാന്തരം ലഭിച്ച 50 നോൺ എ.സി. (9 മീറ്റർ) ഇലക്ട്രിക്ക് ബസുകളും, സ്മാർട്ട് സിറ്റി പദ്ധതിയിൽ ലഭ്യമായ 113 നോൺ എ.സി. (9 മീറ്റർ) ഇലക്ട്രിക്ക് ബസുകളും, സ്മാർട്ട് സിറ്റി പദ്ധതിയിൽ ലഭ്യമായ 2 ഡബിൾ ഡെക്കർ ബസുകളും തിരുവനന്തപുരം നഗരം കേന്ദ്രീകരിച്ച് സർവീസ് നടത്തി വരുന്നു.<br><br>കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ ഏപ്രിൽ 2024 മുതൽ ഡിസംബർ 2024 വരെയുള്ള അൺ ഓഡിറ്റഡ് കണക്ക് പ്രകാരം പ്രസ്തുത ഇലക്ട്രിക് ബസുകൾക്ക് ഒരു കിലോമീറ്റർ സർവീസ് |

| | | | |
|---|---|---|---|
| | | | നടത്തുന്നതിന് ശരാശരി 27.03 രൂപ പ്രവർത്തന ചെലവ് വരുന്നതായി കണക്കാക്കിയിട്ടുണ്ട്.<br><br>നോൺ ഓപ്പറേറ്റിംഗ് കോസ്റ്റ്, ഡിപ്രീസിയേഷൻ, ചാർജിങ് സ്റ്റേഷൻ നിർമ്മാണം എന്നിവ കൂടി കണക്കാക്കിയുള്ള പ്രതി കിലോമീറ്റർ ചെലവ് 42.70 രൂപയാണ്.<br><br>മൊറട്ടോറിയം കാലാവധിയ്ക്ക് ശേഷമുള്ള കിഫ്ബി വായ്പാ തിരിച്ചടവും കൂടി കണക്കാക്കിയാൽ പ്രതി കിലോമീറ്റർ ചെലവ് 43.66 രൂപയാണ്.<br><br>രണ്ടു വർഷത്തെ വാറന്റി കാലാവധിയ്ക്കു ശേഷം ഓരോ കിലോമീറ്ററിനും നൽകേണ്ട AMC ചാർജ് കൂടി കണക്കാക്കിയാൽ പ്രതി കിലോമീറ്റർ ചെലവ് 48.27 രൂപയാണ്. ആയതിന്റെ വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധം I ആയി ചേർക്കുന്നു.<br><br>ഇലക്ട്രിക് ബസുകളുടേയും ഡീസൽ ബസുകളുടെയും താരതമ്യ പഠനം നടത്തുമ്പോൾ Un-Audited കണക്ക് പ്രകാരം ബദലി ജീവനക്കാരെ ഉപയോഗിച്ച് സർവ്വീസ് നടത്തിയാൽ ഇലക്ട്രിക് ബസ്സുകൾ ഒരു കിലോമീറ്റർ സർവ്വീസ് നടത്തുന്നതിന് ശരാശരി ചെലവ് മൊറൊട്ടോറിയം ഒഴികെ 47.31 രൂപയും ഡീസൽ ബസുകൾ ഒരു കിലോമീറ്റർ സർവ്വീസ് നടത്തുന്നതിന് ശരാശരി ചെലവ് 50.70 രൂപയുമാണ്.<br><br>ടി കണക്ക് പ്രകാരം ഡീസൽ ബസ്സുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇലക്ട്രിക് ബസ്സുകൾ സർവ്വീസ് നടത്തിയാൽ ലഭിക്കുന്ന സാമ്പത്തികലാഭം പ്രതി കി.മി 3.39 രൂപയാണ്.<br><br>Un-Audited കണക്ക് പ്രകാരം സ്ഥിരം ജീവനക്കാരെ ഉപയോഗിച്ച് സർവ്വീസ് നടത്തിയാൽ ഇലക്ട്രിക് ബസ്സുകൾ ഒരു കിലോമീറ്റർ സർവ്വീസ് നടത്തുന്നതിന് ശരാശരി ചെലവ് മൊറൊട്ടോറിയം ഒഴികെ 59.39 രൂപയും ഡീസൽ ബസ്സുകൾ ഒരു കിലോമീറ്റർ സർവ്വീസ് നടത്തുന്നതിന് ശരാശരി ചെലവ് 62.78 രൂപയുമാണ്.<br><br>ടി കണക്ക് പ്രകാരം ഡീസൽ ബസ്സുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇലക്ട്രിക് ബസ്സുകൾ സർവ്വീസ് നടത്തിയാൽ ലഭിക്കുന്ന സാമ്പത്തികലാഭം പ്രതി കി.മി. 3.39 രൂപയാണ്. |
| (ഇ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. വാങ്ങിയ ഇലക്ട്രിക്, ഡീസൽ ബസ്സുകളുടെ എണ്ണം എത്രയെന്നും | (ഇ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് 165 ഇലക്ട്രിക് ബസുകളും, 282 ഡീസൽ ബസുകളും വാങ്ങിയ വകയിൽ ആകെ 2,69,32,62,391/- രൂപ |

| | | | |
|---|---|---|---|
| | ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | | ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ തരം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ